# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3011 | 23.03.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

ചോദ്യം | ഉത്തരം

| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങളും 2014-15 വർഷത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഇന്ദിര ആവാസ് യോജന ഭവന പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 2014-15-ൽ 59060 വീടുകൾ ഈ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. പദ്ധതിക്കാവശ്യമായ ഫണ്ട് 75:25 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിച്ചിരുന്നു. കേരളത്തിൽ ഈ പദ്ധതിയിലെ യൂണിറ്റ് കോസ്റ്റ് എസ്.സി., ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് 2.5 ലക്ഷം രൂപയുമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ ആവശ്യമായ തുകയിൽ 50,000/-രൂപ സംസ്ഥാന സർക്കാർ നൽകുന്നു. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നു.<br>2014-15 വർഷത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ബ്ലോക്ക് തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര ശതമാനം വീതമാണെന്ന് പറയാമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇത് 75 : 25 അനുപാതത്തിൽ യഥാക്രമം കേന്ദ്ര,സംസ്ഥാന സർക്കാർ വകയിരുത്തുന്നു. കേരളത്തിൽ എസ്.സി, ജനറൽ വിഭാഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും എസ്.റ്റി വിഭാഗത്തിന് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | തുകയിൽ 50,000/- രൂപ സംസ്ഥാന സർക്കാർ ഓരോ വീടിനും അധിക ധനസഹായം നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25 : 40 : 35 അനുപാതത്തിൽ വകയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഫണ്ട് വിഹിതം നൽകുന്നതിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്നും എത്ര കാലത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം പൂർണ്ണമായും നൽകിയിട്ടില്ല. 2012-13 മുതലുള്ള സംസ്ഥാന സർക്കാർ നൽകുവാനുള്ള അധികധനസഹായം തുക യിൽ കുടിശ്ശിക വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ
ധനകാര്യ (വരവ്) വകുപ്പ്
പകർപ്പ് സാക്ഷ്യപ്പെടുത്തിയത്